**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3638** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കാർഷികമേഖലയുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും പ്രത്യേക കർമ്മപരിപാടികളും സംബന്ധിച്ച വിശദാംശം അറിയിക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും കർമ്മപരിപാടികളെയും സംബന്ധിച്ച വിശദംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ മുഖേന ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്;<br><br>(1)ആർ.ഐ.ഡി.എഫ്. (XXV) ട്രാഞ്ചെ പദ്ധതിയിൽ ഉൾപ്പെടുത്തി 510 ഹെക്ടർ പ്രദേശത്ത് മൂഴിക്കാട് തോട് നീർത്തട പദ്ധതിയിൽ 99,65,000/- രൂപയുടെ പ്രവൃത്തികൾക്ക്<br><br>അനുമതി ലഭിക്കുകയും 91,80,021/- രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി പദ്ധതി<br><br>പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്;<br><br>(2)കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാപഞ്ചായത്തുകളുടേയും വിശദ മണ്ണ് പര്യവേക്ഷണം നടത്തി മണ്ണിന്റെ ഘടന,<br><br>ആഴം, ചരിവ്, ഫലപുഷ്ടി, മണ്ണൊലിപ്പിന്റെ തോത്, മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾസ്വീകരിക്കേണ്ടതിന്റെ മുൻഗണന തുടങ്ങി<br>മണ്ണിനെസംബന്ധിച്ചസമഗ്രവിവരങ്ങൾ<br>ഉൾക്കൊള്ളുന്ന ഡിജിറ്റൈസ്ഡ് സോയിൽ |

| | | | |
|---|---|---|---|
| | | | മാപ്പുകൾവിവിധ യൂസർ ഏജൻസികൾക്ക് ഉപയുക്തമാകുന്ന തരത്തിൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>(3) സംസ്ഥാന തണ്ണീർതട അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി മണ്ഡലത്തിലെ മണിമല, നെടുംകുന്നം, കങ്ങഴ, വെള്ളാവൂർ എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 7 നീർത്തടങ്ങളുടെ ഷേപ്പ് ഫയലുകളും ഡേറ്റാ<br><br>ബേസും തയ്യാറാക്കി നൽകി.<br><br>(4) വകുപ്പ് വികസിപ്പിച്ച മണ്ണ് മൊബൈൽ ആപ്പ് ഡാറ്റാ പുതുക്കലിന്റെ ഭാഗമായി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി 1725 മണ്ണ് സാമ്പിൾ ശേഖരിക്കുകയും മണ്ണ് പരിശോധന ഫലത്തിന് അനുസൃതമായ വളപ്രയോഗ ശുപാർശകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ<br><br>കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു.<br><br>(5) ജലശക്തി അഭിയാന് വേണ്ടി ജില്ലയുടെ ഡിജിറ്റൈസ്ഡ് നീർത്തട അറ്റ്ലസ് തയ്യാറാക്കി. വാഴൂർ ബ്ലോക്ക് തല മണ്ണ് പരിശോധന ക്യാമ്പെയിൻ കങ്ങഴ ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് സംഘടിപ്പിക്കുകയും കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**1. <u>സംസ്ഥാനവിഷ്കൃത പദ്ധതികൾ:</u>**

| പദ്ധതിയുടെ പേര് | അനുവദിച്ച തുക | ചിലവഴിച്ച തുക | ഭൗതിക ലക്ഷ്യം ഹെക്ടർ/ നമ്പർ | പ്രവർത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| സുഗന്ധവിള വികസന പദ്ധതി ( എല്ലാ ഘടകങ്ങളും) | 18.85862 | 18.85862 | 84.56 Ha | പദ്ധതി പൂർത്തീകരിച്ചു |
| പഴവൃക്ഷ – പുഷ്പ – ഔഷധ കൃഷി വ്യാപനം | 8.78344 | 8.78344 | 32.13376 Ha | പദ്ധതി പൂർത്തീകരിച്ചു |
| പച്ചക്കറി വികസന പദ്ധതി | 112.77427 | 112.77427 | 425.0971 Ha | പദ്ധതി പൂർത്തീകരിച്ചു |
| ജൈവ കൃഷി പദ്ധതി | 7.166 | 6.566 | 68.66 Ha | കഴിഞ്ഞ വര്ഷം വരെയുള്ളത് പൂർത്തീകരിച്ചു ഈ വർഷത്തെ പ്രവർത്തനം പുരോഗമിക്കുന്നു |
| മണ്ണിന്റെ ആരോഗ്യവും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തലും | 5.1678 | 4.7078 | 63.904 Ha | കഴിഞ്ഞ വര് ഷം വരെയുള്ളത് പൂർത്തീകരിച്ചു .. ഈ വർഷത്തെ പ്രവർത്തനം പുരോഗമിക്കുന്നു |
| സ്ട്രെങ്ത്തിങ് ഓഫ് അഗ്രിക്കൾച്ചറൽ എക്സ്റ്റെറ്റെൻഷൻ | 8.14425 | 8.14425 | | പദ്ധതി പൂർത്തീകരിച്ചു |
| ഓഫീസ് ഓട്ടോ മേഷൻ ആൻഡ് ഐ ടി ഇൻഫ്രാസ്ട്രക്ച്ചർ | 8.23104 | 8.23104 | | പദ്ധതി പൂർത്തീകരിച്ചു |
| തെങ്ങ് കൃഷി വികസനം സ്കീം | 95.92674 | 95.92674 | 1258.55 Ha. | പദ്ധതി പൂർത്തീകരിച്ചു |
| കൊക്കോനട്ട് കൗൺസിൽ സ്കീം | 21.07646 | 21.07646 | 8500 Nos. | പദ്ധതി പൂർത്തീകരിച്ചു |
| ഒരുകോടി ഫലവൃക്ഷ തൈ വിതരണം | 26.69333 | 26.69333 | 500000 Nos | പദ്ധതി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| വിള ഇൻഷ്വറൻസ് | 3.54266 | 3.54266 | | പദ്ധതി പൂർത്തീകരിച്ചു |
| | | | | |
| അടിസ്ഥാന സൗകര്യ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി | 8.3785 | 8.3785 | | പദ്ധതി പൂർത്തീകരിച്ചു |
| ഇക്കോ ഷോപ്പ് | 4.6 | 4.6 | 6 Nos. | പദ്ധതി പൂർത്തീകരിച്ചു |
| ഡിപ്പാർട്ട്മെൻറ് ലാബോറട്ടറികളുടെ ആധുനികവത്കരണം | 1.33233 | 1.33233 | | പദ്ധതി പൂർത്തീകരിച്ചു |
| ഫാം പ്ലാൻ പദ്ധതി | 22.7242 | 22.7242 | | പദ്ധതി പൂർത്തീകരിച്ചു |
| മാർക്കറ്റ് വികസന പദ്ധതി | 36.47853 | 36.47853 | 24 Nos. | പദ്ധതി പൂർത്തീകരിച്ചു |
| നെൽകൃഷി വികസനം | 0.1772 | 0.1772 | 2 Ha. | പദ്ധതി പൂർത്തീകരിച്ചു |
| പൾസസ് ഡെവലപ്പ്മെൻറ് | 1.8 | 1.8 | 9.25 Ha | പദ്ധതി പൂർത്തീകരിച്ചു |
| വിള ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ | 23.02386 | 22.98654 | 30 Nos. | കഴിഞ്ഞ വർഷം വരെയുള്ളത് പൂർത്തീകരിച്ചു .. ഈ വർഷത്തെ പ്രവർത്തനം പുരോഗമിക്കുന്നു |

**2. കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| | | | | |
|---|---|---|---|---|
| എസ്.എച്ച്.എം. പദ്ധതികൾ | 158.95719 | 150.82894 | 615.8385 Ha | പദ്ധതി പൂർത്തീകരിച്ചു |
| നാഷണൽ മിഷൻ ഓൺ സസ്റ്റൈനബിൾ അഗ്രികൾച്ചർ (NMSA | 0.042 | 0.042 | 300 Nos. | പദ്ധതി പൂർത്തീകരിച്ചു |
| ആത്മപദ്ധതി | 28.18089 | 25.66066 | 78 Ha. | പദ്ധതി പൂർത്തീകരിച്ചു |
| ആർ. കെ. വി.വൈ പദ്ധതി | 14.51125 | 14.51125 | 50 Ha. | പദ്ധതി പൂർത്തീകരിച്ചു |
| ഭാരതീയ പ്രകൃതി കൃഷി | 34.44632 | 31.54632 | 620 | പദ്ധതി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| പദ്ധതി | | | | |

**3. പ്രത്യേക കർമ്മപരിപാടികൾ**

| | | | | |
|---|---|---|---|---|
| സ്മാർട്ട് കൃഷി ഭവൻ | 16.86616 | 16.86616 | 1 | PWD ഇ ടെൻഡർ നടപടികൾ തുടങ്ങിയിട്ടുണ്ട്ചിറക്കടവ് കൃഷി ഭവനാണ് |
| | | | | |
| കൃഷിശ്രീ സെന്റർ | 7.4334 | 7.4334 | 1 | പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വാഴൂർ ബ്ലോക്കിലെ വെള്ളാവൂർ പഞ്ചായത്തിൽ 2022 ലാണ് കൃഷി സെന്റര് പ്രവർത്തനം ആരംഭിച്ചത് .നിലവിൽ 16 സർവീസ് പ്രൊവൈഡർമാരാണ് സേവനംചെയ്തു കൊണ്ടിരിക്കുന്നത്.ഫെസിലിറ്റേറ്റർ , സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിലാണ് പദ്ധതികൾ പ്ലാൻ ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.വാഴൂർ ബ്ലോക്കിന്റെ കീഴിൽ വരുന്ന 6 ഗ്രാമ പഞ്ചായത്തുകളിലെയും കാർഷിക സംബന്ധിയായ എല്ലാ ജോലികളും സെന്റര് ഏറ്റെടുത്തു ചെയ്യുന്നുണ്ട്. |